**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 296** **02-03-2023 - ൽ മറുപടിയ്ക്ക്**

**വലിയ വാഹനങ്ങൾ നടത്തുന്ന നിയമ ലംഘനങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | വാഹനങ്ങുടെ അമിതവേഗം, അമിതഭാരം, പരിധിയിൽ കൂടുതൽ വീതിയിലും പൊക്കത്തിലും അപകടകരമായി സാധനങ്ങൾ കയറ്റുക, ഡ്രൈവർമാരുടെ അശ്രദ്ധ തുടങ്ങിയ നിയമലംഘനങ്ങൾ തടയാൻ നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ; | (എ) | വാഹനങ്ങളിലെ അമിത ഭാരം തടയുന്നതിന് വേണ്ടി മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 194 പ്രകാരം വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കുന്നുണ്ട്. വാഹനങ്ങളിൽ അമിത ഭാരം കയറ്റുന്നതിനെതിരായുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 19(1) അനുസരിച്ച് ഡ്രൈവർമാരുടെ ലൈസൻസിന് അയോഗ്യത കൽപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ആറ് മാസ കാലയളവിൽ ഇത്തരത്തിൽ 138 ലൈസൻസുകൾക്ക് അയോഗ്യത കൽപ്പിച്ചിട്ടുണ്ട്. പരിധിയിൽ കൂടുതൽ വീതിയിലും, പൊക്കത്തിലും അപകടകരമായി സാധനങ്ങൾ കയറ്റുന്ന വാഹനങ്ങളിലെ കൂടുതലായി വരുന്ന വസ്തുക്കൾ ഇറക്കിയ ശേഷം മാത്രമേ സർവ്വീസ് നടത്തുവാൻ അനുവദിക്കാറുള്ളൂ. അന്യസംസ്ഥാനങ്ങളിൽ നിന്നും അമിത ഭാരവുമായി എത്തുന്ന ചരക്ക് വാഹനങ്ങൾക്കെതിരെ കൂടുതൽ കാര്യക്ഷമമായി നടപടിയെടുക്കുവാൻ ചെക്ക് പോസ്റ്റുകളിൽ 'weigh in Motion' എന്ന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലാണ്.<br><br>വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ പ്രധാന നിരത്തുകളിൽ Speed Detection ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, Speed Detection Radar ഘടിപ്പിച്ച intercepter വാഹനങ്ങൾ ഉപയോഗിച്ചും പരിശോധന നടത്തുന്നുണ്ട്. ആയതിൻപ്രകാരം 2022-ൽ ശരാശരി ഒന്നര ലക്ഷത്തോളം കേസുകൾ എടുക്കുകയും ഈ ഇനത്തിൽ 4,34,20,900/- രൂപ |

| | | | |
|---|---|---|---|
| | | | (നാല് കോടി മുപ്പത്തിനാല് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരം രൂപ) പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. ഹെവി വാഹനങ്ങളിൽ വേഗത നിയന്ത്രണ സംവിധാനമായ സ്പീഡ് ഗവർണർ വിച്ഛേദിച്ച് സർവ്വീസ് നടത്തുന്ന പ്രവണത തടയുന്നതിനായി ഇത്തരം വാഹനങ്ങളിലെ സ്പീഡ് ഗവർണറുടെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധനയ്ക്കും വിധേയമാക്കാറുണ്ട്. |
| (ബി) | അമിതഭാരം കയറ്റിവരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ മേൽ പ്രസ്തുത കുറ്റകൃത്യത്തിന് അല്ലാതെ വേറെ ഏതെങ്കിലും പെറ്റികേസ് ചാർജ് ചെയ്ത് പരിശോധനാ ഉദ്യോഗസ്ഥന്റെ ടാർജറ്റ് പൂർത്തിയാക്കൽ നടത്തി അതേ നിയമലംഘനത്തോടെ തന്നെ യാത്ര തുടരുന്നതിന് അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധന വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം നിയമലംഘനങ്ങൾ പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പ്രത്യേക സ്ക്വാഡിനെ ഉപയോഗിച്ച് കണ്ടെത്താനും പെറ്റികേസ് ചാർജ് ചെയ്ത് യാത്ര തുടരാൻ അനുവദിക്കുന്ന ഉദ്യോഗസ്ഥർക്കുൾപ്പെടെ ശിക്ഷാനടപടികൾ ബാധകമാക്കാനും നടപടി സ്വീകരിക്കുമോ; | (സി) | 16/02/2023- ന് റോഡ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പോലീസ്, മോട്ടോർ വാഹനം, മൈനിംഗ് & ജിയോളജി, ലീഗൽ മെട്രോളജി, എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗത്തിൽ, ചരക്കുവാഹനങ്ങളിലെ അമിതഭാരം തടയുന്നതിനുവേണ്ടി പോലീസിന്റെയും, മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് ആഴ്ച തോറും പരിശോധന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇത്തരം നിയമലംഘനങ്ങൾക്കെതിരെ പെറ്റി കേസ് ചാർജ് ചെയ്തു യാത്ര തുടരാൻ അനുവദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ടി ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | വാഹന പരിശോധനകൾക്ക് ഒരു രണ്ടാംതല പരിശോധനയ്ക്കുകൂടി സാധ്യതയൊരുക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | നാല് മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രണ്ടാംതല വാഹന പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ